**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835** **31-01-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി ശിശുമരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിൽ ശിശുമരണങ്ങൾ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (എ) | **അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കുഞ്ഞുങ്ങളുടെ മരണങ്ങളെല്ലാംതന്നെ ജന്മനാലുള്ള അസുഖങ്ങളോ, മുലയൂട്ടുമ്പോൾ അനുഭവപ്പെടുന്ന ശ്വാസതടസ്സം മൂലമോ ആണ് സംഭവിച്ചിട്ടുള്ളതെന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (ബി) | അട്ടപ്പാടിയിൽ കുറുക്കത്തിക്കല്ലിൽ പാർവതി ധനുഷ് ദമ്പതികളുടെ 3 മാസം പ്രായമുള്ള കുഞ്ഞു മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഉണ്ട്. അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിലെ പുതൂർ ഗ്രാമപഞ്ചായത്തിലെ കുറുക്കത്തിക്കല്ലാ ഊരിലെ ശ്രീമതി. പാർവതി W/o. ധനുഷ് എന്നവരുടെ കുഞ്ഞ് 14.12.2023 ന് ശ്വാസതടസവും ചുമയും മൂലം മരണപ്പെടുകയുണ്ടായി.** |
| (സി) | അട്ടപ്പാടിയിൽ ശിശുമരണം തടയാൻ സർക്കാർ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | **സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും, ആരോഗ്യ സംരക്ഷണത്തിന് എല്ലാ വകുപ്പുകളേയും എം.പി., എം.എൽ.എ.-മാരുടെ നേതൃത്വത്തിലായി ജനപ്രതിനിധികളേയും ഉൾപ്പെടുത്തിയുള്ള മോണിറ്ററിംഗ് സംവിധാനവും നിലവിലുണ്ട്.** |

സെക്ഷൻ ഓഫീസർ